(ബി) എങ്കിൽ അത് ഏതു രീതിയിലാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) മേൽപ്പറഞ്ഞ ആശുപത്രിയിൽ ലബോറട്ടറി, എക്സറേ, ഇ.സി.ജി. സ്കാനിംഗ് തുടങ്ങിയവ 24 മണിക്കൂറും പ്രവർത്തന സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ.& ബി) ആധുനിക ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ലാബ്, എക്സ്റേ, ഇ.സി.ജി. സ്കാനിംഗ് തുടങ്ങിയവ എല്ലാ ആശുപത്രികളിലും ഘട്ടം ഘട്ടമായി പ്രവർത്തിച്ച് കൊണ്ടിരിക്കുന്നു.

(സി) 24 മണിക്കൂറും തത്ക്കാലം നടപ്പാക്കാനുള്ള സൗകര്യം ഇല്ല ജീവനക്കാരുടെ കുറവ് നികത്തിയാൽ മാത്രമേ മേൽപ്പറഞ്ഞവ നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ.

സർക്കാർ ആശുപത്രികളിലേയ്ക്കു ലോക്കൽ പർച്ചേസ്

180 (1115) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിലേയ്ക്കു ലോക്കൽ പർച്ചേഴ്സ് ആയി വാങ്ങുന്ന മരുന്നുകളും ആശുപത്രി സാമഗ്രികളും, മാവേലി മെഡിക്കൽ സ്റ്റോറിൽ നിന്നും നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങിയാൽ സർക്കാർ സ്ഥാപനത്തിനും സഹകരണസ്ഥാപനത്തിനും കൂടുതൽ ബിസിനസ്സ് ലഭിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം ഗൗരവമായി പരിശോധിക്കുമോ ;

(ബി) സർക്കാർ ആശുപത്രികളിലേയ്ക്കുള്ള മരുന്നുകളും ആശുപത്രി സാമഗ്രികളും മാവേലി മെഡിക്കൽ സ്റ്റോറിൽ നിന്നും നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങുന്നതിന് ഉത്തരവ് നൽകിയാൽ സ്വകാര്യ കച്ചവടക്കാരുമായി ചേർന്നുള്ള അഴിമതി തടയാൻ കഴിയുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ ;

(സി) ഇത്തരം സ്ഥാപനങ്ങളിൽ നിന്നും മാത്രമേ സർക്കാർ ആശുപത്രികളിലേയ്ക്കുള്ള ലോക്കൽ പർച്ചേഴ്സ് നടത്താൻ പാടുള്ളൂ എന്നത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. ഇക്കാര്യം പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly